# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025
സെപ്റ്റംബർ
വാല്യം 18 | ലക്കം 9
Annual Subscription ₹ 100.00



വിദ്യാഭ്യാസം - കുട്ടികളുടെ ഭാവിയെ പ്രകാശിപ്പിക്കുന്ന ദീപം




വിജയപുരം രൂപത ഡിസിഎംഎസിന്റെ നേതൃത്വത്തിൽ Justice Sunday ആചരണവും KCBC, SC, ST, BC Commission Scholarship വിതരണവും എലയ്ക്കാട് ദൈവാലയത്തിൽ നടത്തപ്പെട്ടു



## പീറ്റർ തുരുത്തിക്കോണം പിതാവിന്റെ

## 14-ാം ചരമവാർഷികം

**ദിവ്യബലി**

സെപ്റ്റംബർ 5
രാവിലെ 6.30-ന്
വിമലഗിരി കത്തീഡ്രലിൽ

മുഖ്യ കാർമികൻ : അഭി. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്


**KSFE**

KSFE കോട്ടയം നാഗമ്പടം ശാഖയിൽ ഉടൻ ആരംഭിക്കുന്ന ഹ്രസ്വകാല മെഗാ ബിസിനസ്സ് ചിട്ടികൾ

200000 x 30 = 60 ലക്ഷം
100000 x 40 = 40 ലക്ഷം
7,500 x 40 = 3 ലക്ഷം
5,000 x 40 = 2 ലക്ഷം
2,5000 x 40 = 1 ലക്ഷം



വേഗത്തിൽ വിളിച്ചെടുക്കാൻ സാധിക്കുന്നു ബിസിനസ്സ് ഹൗസിംഗ് ലോൺ, OD തുടങ്ങിയവയുടെ പലിശഭാരത്തിൽ നിന്നും ഒഴിവാക്കാനുള്ള സുവർണ്ണാവസരം
ഇന്നുതന്നെ ബുക്ക് ചെയ്യൂ...

കോട്ടയം, നാഗമ്പടം ബ്രാഞ്ച്
ഒന്നാംനില സെന്റ് ആന്റണീസ് കോംപ്ലക്സ്
പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം, നാഗമ്പടം
Ph: 0481- 2564681, 9447797116, 7593897116
116@ksfe.com. ksfe116@gmail.com






**LIGHT HOUSE**
*The Shop with a heart*
Near Collectorate, K.K.Road,
Kottayam- 686002
Ph: 0481-2561167, 2301167
Email: lighthousektm@gmail.com

വിലക്കുറവിന്റെ സന്തോഷം
വാങ്ങുമ്പോൾ മാത്രം
ഗുണമേന്മയുടെ സംതൃപ്തി
വർഷങ്ങളോളം
400-ൽ പരം Fancy Light കളും
100-ൽ പരം Designer Fanകളും ലഭ്യം.





**KOTTAYAM PIPE HOUSE**
*Building the Future*

XVI/181 A Maliekal Buildings
Near Railway Over Bridge
Nagampadam, Kottayam
**Ph: 9744955858, 7592016733**

Astral Pipes, Austral Bathware, Zoloto, Oecean, Aquatech,Ellai, laxmi pump, Lubi pump, Torm



**ZEST ENGINEERS & CONTRACTORS**
Building, X1456, Panampalam,
Arpookara East P.O., Kottayam
Ph: 0481-2969226, 9447041540,
7907297516



**SANISH METALS**
Iron & Steel Traders

സ്റ്റീൽ ബിൽഡിംഗ്
റൂഫിംഗ് വർക്കുകൾക്ക്

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2025 SEPTEMBER** Registered Newspaper, Reg. No. KERMAL/2008/24745 **VOL.18 ▪ No. 9**

EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| 04 | എഡിറ്റോറിയൽ |
| 06 | കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ |
| 10 | വിശ്വാസധീരതയോടെ മുന്നേറി വൈധവ്യത്തെ അനുഗ്രഹപ്രദമാക്കണം: |
| 12 | "ഓരോദിവസവും മനോഹരമാക്കുക" എപ്പോഴും പോസിറ്റീവ് ആയി ചിന്തിക്കുക |
| 14 | അക്ഷരവെളിച്ചത്തിന്റെ ഉറവിടങ്ങൾ |
| 16 | വിശുദ്ധ അൽഫോൻസാമ്മ |
| 18 | സ്ത്രീ ശാക്തീകരണത്തിന്റെ സർക്കാർ ഇടപെടലുകൾ |
| 24 | ഇടവക വാർത്തകൾ |
| 28 | വി.എസ്.എസ്.എസ്. വാർത്തകൾ |

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers,
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

# Editorial

# നിസാരതയിൽ നിന്ന് മഹത്വത്തിലേക്ക്

## മറിയത്തിന്റെ ജനനവും കുരിശിന്റെ മഹത്വവും



വിജയപുരം രൂപതയുടെ ദൗത്യത്തിന്റെ ഹൃദയ സ്പന്ദനമാണ് വിജയപുര ദൂതിലൂടെ വെളിപ്പെടുന്നത്. ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും വിമോചനത്തിനും ഉന്നമനത്തിനുമായി, അവശരായവർക്ക് ദൈവത്തിന്റെ കരുണയുടെയും കരുതലിന്റെയും സ്നേഹത്തിന്റെയും സന്ദേശം പകരാൻ പ്രതിജ്ഞാബദ്ധമാണ് വിജയപുരദൂത്. ഈ ദൗത്യത്തിന് പുതിയ വെളിച്ചം വിതറുന്ന രണ്ടു തിരുനാളുകളാണ് സെപ്റ്റംബർ മാസത്തിൽ നാം ആഘോഷിക്കുന്നത്. സെപ്റ്റംബർ 8-ാം തീയതി പരിശുദ്ധ കന്യാമറിയത്തിന്റെ ജനന തിരുനാളും സെപ്റ്റംബർ 14-ാം തീയതി വിശുദ്ധ കുരിശിന്റെ മഹത്വീകരണ തിരുനാളും.

**മറിയത്തിന്റെ ജനന തിരുനാൾ**

ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ പ്രത്യാശയുടെ വാഗ്ദാനമാണ് (ഉൽ. 3:15) മറിയത്തിന്റെ ജനനം നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഒരു സാധാരണ കുടുംബത്തിൽ വിശുദ്ധരായ യൊവാക്കിമിന്റെയും അന്നാമ്മയുടെയും മകളായി ജനിച്ച മറിയം ദൈവത്തിനായി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു. ദൈവേഷ്ടം സമ്പൂർണ്ണമായി നിറവേറ്റുന്നതിലൂടെ എളിമയും ലാളിത്യവും ദൈവികതയുടെ വാസസ്ഥലങ്ങളാണെന്ന് മറിയത്തിന്റെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ രൂപതയുടെ ദൗത്യവും ഇതു തന്നെയാണ്. അവഗണിക്കപ്പെട്ടവരിൽ ദൈവത്തെ ദർശിക്കുക, അവരിൽ പ്രത്യാശയുടെ വിത്തുകൾ വിതക്കുക.

## കുരിശിന്റെ മഹത്വീകരണ തിരുനാൾ

വിശുദ്ധ കുരിശിന്റെ മഹത്വീകരണം ക്രിസ്തുവിന്റെ ത്യാഗോജ്ജ്വലമായ സ്നേഹം നമ്മുടെ പ്രത്യേക ശ്രദ്ധയിലേക്കു കൊണ്ടുവരുന്നു. അവിടെയാണ് ക്രിസ്തു ദൈവസ്നേഹത്തിന്റെ പാരമ്യം (യോഹ 15:13) പ്രകടമാക്കിയത്. അവിടെയാണ് ദൈവപുത്രൻ മാനവ രക്ഷക്കായി പരമ ബലിയർപ്പിച്ചത്. മനുഷ്യൻ ചെയ്ത ഏറ്റവും വലിയ പാപത്തെ, ദൈവത്തെ കൊല്ലുക എന്ന പാപത്തെ തന്റെ സ്നേഹത്തിലൂടെയും അനുസരണയിലൂടെയും അവിടുന്ന് ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട പാപപരിഹാര ബലിയാക്കി മാറ്റി.

ദുഃഖവും ക്ലേശവും അനുഭവിക്കുന്നവർക്കും ജീവിത ഭാരത്താൽ തളർന്നുപോയവർക്കും ആശ്വാസത്തിന്റെ ചിഹ്നമാണ് ക്രിസ്തുവിന്റെ കുരിശ്. സ്നേഹം മൂലം ത്യാഗം ചെയ്യുമ്പോൾ അതിന് ദൈവിക ഫലമുണ്ടാകുമെന്ന് ക്രിസ്തുവിന്റെ കുരിശ് വെളിപ്പെടുത്തുന്നു. ദരിദ്രരുടെ വേദനയിൽ പങ്കുചേരുകയും അവർക്കായി പ്രവർത്തിക്കുകയും ചെയ്യുക. അവരിലൂടെ അവരോടൊപ്പവും ക്രിസ്തുവിനെ ദർശിച്ച് അവർക്ക് ശുശ്രൂഷ ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യമെന്ന് കുരിശ് നമ്മെ ഓർമ്മപ്പെടുത്തുന്നു. മറിയത്തിന്റെ ലാളിത്യവും കുരിശിന്റെ മഹത്വവും നമ്മെ നിരന്തരം നയിക്കട്ടെ. ദരിദ്രരോട് കരുണ കാട്ടുന്നതിലേക്ക് സമൂഹത്തിന്റെ മാറ്റത്തിനും മുന്നേറ്റത്തിനുമായി പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നതിലേക്ക് ഈ മാസത്തെ, ഈ തിരുനാളുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ.

*പത്രാധിപർ*

---

## Coro Celeste 2025

**ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ മെമ്മോറിയൽ ഗായക സംഘമത്സരവും ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ പ്രസംഗമത്സരവും 2025 നവംബർ 8-ന് രാവിലെ 9.30 ന് വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം നടത്തപ്പെടുന്നു.**



# ജസ്റ്റിസ് സൺഡേ (നീതിഞായർ) 2025 ആഗസ്റ്റ് 17 കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 78 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ് ഇന്ന്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 75 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദര ന്മാരായ ദലിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താലാണ് പട്ടികജാതി സംവരണം ഇവർക്ക് നിഷേധിക്കപ്പെട്ടത്.1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശ നിഷേധം. ഹിന്ദുമതവിശ്വാസികളായ ദലിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956-ൽ സിക്ക് ദളിതരെയും, 1990-ൽ ബുദ്ധമത ദലിതരെയും ഈ പട്ടികയിൽ കൂട്ടി ച്ചേർത്തു. തുടർന്നുള്ള കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നോക്ക വിഭാഗങ്ങളെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും, അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അധികാരികൾ അംഗീകരിച്ചു തന്നിട്ടില്ല. ഇക്കാരണത്താൽ 'ഭരണപങ്കാളിത്തവും, ഉദ്യോഗ- വിദ്യാഭ്യാസ പ്രവേശനവും, വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ദളിത് ക്രൈസ്തവർക്ക് ലഭിക്കു ന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986-ൽ ഗോവയിൽ കൂടിയ 'ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്കാ സഭയിൽ ഏകദേശം രണ്ട് കോടിയിൽപരം വിശ്വാസികളിൽ ഭൂരിപക്ഷവും ദലിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്. ഇവർ അനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രമാണ്. ഇവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കു

വാനും ആണ് നീതി ഞായർ ആചരിക്കുന്നത്. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും, വാടകവീടുകളിൽ കഴിയുന്നവരും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു വീട്ടിൽത്തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്തവരും ധാരാളമുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം ദലിത് ക്രൈസ്തവർക്ക് നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ കേരളത്തിൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. മാനേജ്മെന്റ് ക്വാട്ടയിലും കമ്മ്യൂണിറ്റി ക്വാട്ടയിലും ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചാൽ ലംസം ഗ്രാന്റ് ലഭിക്കുകയില്ല. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണമാണ് വിദ്യാഭ്യാസത്തിന് ദലിത് ക്രൈസ്തവവിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിന് അവർക്ക് ലഭിക്കുന്ന സംവരണം 1% മാത്രമാണ്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് I-ൽ ഒരു ശതമാനവും ക്ലാസ് IVൽ രണ്ട് ശതമാനവും ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് I-ൽ 872 ഒഴിവുകളും നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ ഫലപ്രദമായി ലഭിക്കുന്നില്ല. സഭാനവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാൻ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും, കൂട്ടുകുടുംബമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് പ്രത്യേക ഭവനവും, തൊഴിൽ ഒഴിവുകൾ വരുമ്പോൾ സഭാസ്ഥാപനങ്ങളിൽ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉദ്ധരിക്കുവാൻ സഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇത് പരിഹരിക്കപ്പെടുവാൻ പരിശ്രമം ആവശ്യവുമാണ്.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന

അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10' പ്രതിഷേധദിനമായും CBCIയുടെ ആഹ്വാന പ്രകാരം ആഗസ്റ്റ് 17 'ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാ സഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്ക മഹാജനസഭ' (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനം എല്ലാ രൂപതയിലും കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. സംഘടനയുടെ സപ്തതി വർഷം ഇപ്പോൾ (1955-2025) ആഘോഷിക്കുകയാണ്. 2024-2025 അദ്ധ്യായന വർഷം എസ്എസ്എൽസി (80%), പ്ലസ്ടു (70%), ഡിഗ്രി, പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തമായ വിജയം കൈവരിച്ചവർക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. അപേക്ഷകൾ ആഗസ്റ്റ്30ന് മുൻപ് സെക്രട്ടറി, കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682 028 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ദലിത് കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക തലത്തിൽ നടത്താറുള്ള സ്തോത്രകാഴ്ച പ്രയോജനപ്പെടുത്തുന്നതാണ്. ഈ തുക രൂപതാ കേന്ദ്രങ്ങൾ വഴി സെപ്റ്റംബർ 30നു കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവക/രൂപത തലത്തിൽ വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസ്സുകളും സമ്മേളനങ്ങളും നടത്തി ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


ഈശോയിൽ സ്നേഹപൂർവം,
ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം
(ചെയർമാൻ, KCBC SC/ST/BC COMMISSION)
റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ
(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)
മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ
(വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

N:B: 2025 ആഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# സി.എം.എൽ മേഖല ഡയറക്ടേഴ്സ്



ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ
തിരുവല്ല മേഖല



ഫാ. ജോർജ്ജ് പുത്തൻപറമ്പിൽ
മൂവാറ്റുപുഴ മേഖല



ഫാ. ജോസഫ് പടികരമല
മുണ്ടക്കയം മേഖല



ഫാ. സെബാസ്റ്റ്യൻ
തെക്കെത്തേച്ചേരിൽ
പീരുമേട് മേഖല



ഫാ. ആൽബർട്ട്
കുമ്പളോലിക്കൽ
പട്ടിത്താനം മേഖല



ഫാ. ജോസഫ്
മീനായിക്കോടത്ത്
കോട്ടയം മേഖല



ഫാ. ബെഞ്ചമിൻ
മൂന്നാർ മേഖല

---

ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക ഡയറക്ടർ ഫാദർ ജോസഫ് മാലിപ്പറമ്പിലിനെ പ്രത്യേകം അനുസ്മരിക്കുന്ന സെപ്റ്റംബർ 11–ാം തീയതി **മേഖല ഡയറക്ടേഴ്സ് ദിനമായി** ആഘോഷിക്കുന്നു. എല്ലാ മേഖല ഡയറക്ടേഴ്സ് നും സിഎംഎൽ കുടുംബത്തിന്റെ ആശംസകൾ!

---




## ജന്മദിനാശംസകൾ

04 ഫാ. മാത്യു വട്ടമാക്കിൽ
09 ഫാ. ഫ്രാൻസീസ് കമ്പോളത്തുപറമ്പിൽ
09 ഫാ. ജിതിൻ മാത്യു ഫെർണാണ്ടസ്
11. ഫാ. വിൻസെന്റ് പാറമേൽ
16. ഫാ. ജസ്റ്റിൻ കാരംകുന്നേൽ, സി.എഫ്.ഐ.സി.
18. ഫാ. ആന്റണി രാജ് കന്നിശ്ശേരി
20. ഫാ. ഫിലിപ് തേവർകളത്തിൽ
29. ഫാ. ഹിലാരി തെക്കേക്കുറ്റ്
30. ഫാ. ഡെന്നീസ് കണ്ണമാലിൽ

## സെപ്റ്റംബർ

# വിശ്വാസധീരതയോടെ മുന്നേറി വൈധവ്യത്തെ അനുഗ്രഹപ്രദമാക്കണം:

### ബിഷപ് ഡോ. ആന്റണി വാലുങ്കൽ




കൊച്ചി: കെസിബിസി ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിധവാ കൂട്ടായ്മയായ യൂദിത്ത് നവോമി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ആഗോള വിധവാ ദിനാചരണവും സംസ്ഥാനതല സെമിനാറും വരാപ്പുഴ അതിരൂപത സഹായമെത്രാൻ റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്തു. ആദിമ സഭയിൽ മുതൽ എക്കാലവും സഭയിൽ വലിയ ബഹുമാനവും പരിഗണനയും നൽകപ്പെട്ടുപോന്നിട്ടുള്ള വിധവാസമൂഹം വിശ്വാസധീരതയോടെ മുന്നേറി തങ്ങളുടെ ജീവിതാവസ്ഥകളെ അനുഗ്രഹപ്രദമാക്കണമെന്ന് ഉദ്ഘാടന സന്ദേശത്തിൽ ബിഷപ് ഡോ. ആന്റണി വാലുങ്കൽ പറഞ്ഞു.

യൂദിത്ത് നവോമി ഫോറത്തിന്റെ പ്രവർത്തനങ്ങൾ രൂപതാതലത്തിൽ കൂടുതൽ ഊർജ്ജിതമായി നടപ്പാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപ്പറമ്പിൽ പറഞ്ഞു.

കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കോതമംഗലം രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം, വിജയപുരം രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു ഒഴത്തിൽ, താമരശ്ശേരി രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പെണ്ണാപറമ്പിൽ, എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റും വരാപ്പുഴ അതിരൂപതാ വിഡോ മിനിസ്ട്രി പ്രസിഡന്റുമായ അഡ്വ. എൽസി ജോർജ്ജ്, യൂദിത്ത് നവോമി ഫോറം പ്രസിഡന്റ് ശ്രീമതി ഫിലോമിനാ തോമസ്, ജനറൽ സെക്രട്ടറി ശ്രീമതി മേരി ജോൺ, ആനിമേറ്റർ റവ. സി. ലില്ലി ജോസഫ്, വൈസ് പ്രസിഡന്റുമാരായ ശ്രീമതി മോളി ജെയിസ്,

ശ്രീമതി ലിസ്സി സെബാസ്റ്റ്യൻ, സെക്രട്ടറി ശ്രീമതി മഞ്ജു ഡേവിഡ് എന്നിവർ പ്രസംഗിച്ചു.

'ലഹരിയുടെ പ്രത്യാഘാതങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെക്കുറിച്ച് റവ:ഡോ. ദേവ് കപ്പുച്ചിനും 'പ്രകാശിതവൈധവ്യം' എന്ന വിഷയത്തെക്കുറിച്ച് ശ്രീമതി ശാന്തി ബിജുവും ക്ലാസ്സുകൾ നയിച്ചു.

**ഫാ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ**
സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ

---



## അഭിനന്ദനങ്ങൾ

**എൻട്രൻസ് കോച്ചിംഗിൽ ഉന്നത വിജയം കരസ്ഥമാക്കിയ പൊടിമറ്റം സെന്റ് ജോസഫ് ചർച്ച് ഇടവകാംഗം**

**ആഷിൻ ജോസഫ്**

## വിവാഹ ഒരുക്ക സെമിനാർ

അടുത്ത വിവാഹ ഒരുക്ക സെമിനാർ കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വെച്ച് **ഒക്ടോബർ 9,10,11** തീയതികളിൽ നടത്തപ്പെടുന്നതാണ്. 9-ാം തീയതി രാവിലെ 9.00 മണിക്ക് സെമിനാർ ആരംഭിക്കും. പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രം, പാസ്പോർട്ട് സൈസ് രണ്ട് ഫോട്ടോ, ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്.

സെമിനാറിന്റെ അവസാന ദിവസം 11-ാം തീയതി രാവിലെ 9.30 ന് മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ മാതാപിതാക്കളും നിർബന്ധമായും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി വിളിച്ച് അവസരം ഉറപ്പാക്കേണ്ടതാണ്.

**രജിസ്ട്രേഷൻ ഫീസ്. 1750 രൂപ.**

വിളിക്കേണ്ട നമ്പർ

**1. Mr. Reji John. 9747713183, 9961144628**

**2. Fr. Mathew Ozhathil, 7593934355**

# "ഓരോ ദിവസവും മനോഹരമാക്കുക" എപ്പോഴും പോസിറ്റീവ് ആയി ചിന്തിക്കുക

**ഫാ. ജോസഫ് തറയിൽ**

"The wise man changes his mind and the fool will never " (Proverb 12:15)

പ്രശസ്ത മനഃശാസ്ത്രജ്ഞനായ റയ്മെന്റ് ഹെലി വെൽന്റെ അഭിപ്രായത്തിൽ വിജ്ഞാനിയായ മനുഷ്യൻ തന്റെ മനസ്സ് ഫ്ലെക്സിബിൾ ആയി നിലനിർത്തും, പക്ഷേ വിഡ്ഢി ഒരിക്കലും അതിനു തയ്യാറാവുന്നില്ല. തന്മൂലം അവൻ സമൂഹത്തിൽ വെറുക്കപ്പെട്ടവൻ ആയി മാറുന്നു. ഒരു മണിക്കൂറിൽ മനുഷ്യന്റെ ചിന്തയിൽ 30000 മുതൽ 50000 വരെ ചിന്തകൾ കയറി വരുന്നു. ഇതിൽ 70 ശതമാനം മുതൽ 80 ശതമാനം വരെ നെഗറ്റീവ് ചിന്തകളാണ്

1) പോസിറ്റീവ് ആയി ചിന്തിക്കാൻ ആവശ്യമായ കാര്യങ്ങൾ *

ഏതെങ്കിലും ഒരു വിമർശനം നമുക്ക് എതിരായി വരുമ്പോൾ എനിക്ക് ഇത് അതിജീവിക്കാനും പരിഹരിക്കാനും സാധിക്കും. മനസ്സ് പറയും ഇത് എനിക്ക് സാധിക്കില്ല. പക്ഷേ നമ്മുടെ പോസിറ്റീവ് ചിന്ത നമ്മളെ സഹായിക്കും എനിക്ക് ഇത് സാധിക്കും ആരെങ്കിലും എനിക്കെതിരെ ഒരു അപകീർത്തി ആരോപിച്ചാലും എന്റെ ഏതെങ്കിലും ഒരു തെറ്റ് കണ്ടു പിടിച്ചാലും എനിക്ക് ഒരു പോസിറ്റീവ് ചിന്ത സൃഷ്ടിക്കുവാൻ സാധിക്കും.

പോസിറ്റീവ് ചിന്തയ്ക്കായി ഏഴ് കാര്യങ്ങൾ പാലിക്കാം

**1) Replacement:**

നെഗറ്റീവ് ആയിട്ടുള്ള ചിന്ത മാറ്റി പോസിറ്റീവ് ആയിട്ടുള്ള ചിന്ത പകരം വയ്ക്കുക

1.1 ഞാൻ നന്നായി പഠിച്ചു, ഞാൻ തക്ക സമയത്ത് എല്ലാം മറന്നു പോകുമോ?

1.2 ഞാൻ പഠിച്ച ഭാഗത്തുനിന്ന് ചോദിക്കുമോ?

ഇവിടെ പോസിറ്റീവ് ആയിട്ടുള്ള ചിന്ത വച്ചുകൊണ്ട് ഇങ്ങനെ ചിന്തിക്കണം; ഞാൻ പഠിച്ചത് വരും, ഞാൻ എല്ലാം ഓർക്കും, ഞാൻ എല്ലാം എഴുതും, ഞാൻ ഇങ്ങനെ ചിന്തകൾ replace ചെയ്താൽ എനിക്ക് എല്ലാം മനോഹരമായി ചെയ്യാൻ സാധിക്കും.

**2) Gratitude: (കൃതജ്ഞത)**

എപ്പോഴും നന്ദിയുള്ളവരായിരിക്കുക എന്നെ സഹായിക്കുവാൻ എനിക്ക് അടുപ്പമുള്ള ആളുകളുണ്ട് എനിക്ക് ധാരാളം ചെയ്യുവാൻ സാധിക്കും. ഈ ചിന്ത എന്നെ മുൻപോട്ട് ജീവിക്കുവാൻ സഹായിക്കും

**3) Mindfulness:**

എപ്പോഴും സന്തോഷം ഉള്ളവർ ആയിരിക്കുക. കഴിഞ്ഞകാലത്തെ പരാജയങ്ങളെ ഓർത്ത് ഇരിക്കരുത്. കഴിഞ്ഞകാലത്തെ എത്രയോ

നന്മകളും വിജയങ്ങളും ഓർക്കാനുണ്ട്. ഒരു ദിവസത്തിൽ എന്തെല്ലാം നന്മകൾ നമ്മൾ ചെയ്തിട്ടുണ്ട്. ചെറിയ ഒരു തെറ്റിനെ ഓർത്ത് നിരാശപ്പെട്ട് ആ ദിവസം മുഴുവൻ നശിപ്പിക്കരുത്. ആരെങ്കിലും നമുക്ക് എതിരെ ചെയ്ത കാര്യത്തെ ഓർത്ത് വിഷമിച്ചിരിക്കരുത്. നിരന്തരം അവഗണിക്കുന്നവരുടെ പിന്നാലെ പോയി വിലകെട്ടവൻ ആയി മാറരുത്. പരാജയങ്ങളെയും അവഗണനകളെയും മറക്കുക. എപ്പോഴും സന്തോഷം ഉള്ളവൻ ആയിരിക്കുക.

**4) Speak positively always** : (എപ്പോഴും നല്ലത് പറയുക)

എനിക്ക് സാധിക്കും എനിക്ക് കൈകാര്യം ചെയ്യാൻ സാധിക്കും . ഞാൻ വിജയിക്കും.

**5) Love your Nature:** (പ്രകൃതിയെ സ്നേഹിക്കുക)

പ്രകൃതിയോട് സൗഹൃദം ഉള്ളവരായിരിക്കുക. വളർത്തു മൃഗങ്ങളും കൃഷിയും എല്ലാം ജീവിതത്തിന്റെ ഭാഗമാക്കുക. ചെയ്യേണ്ട ഒരു കാര്യവും വിട്ടു പോകാതെ ചെയ്യുക. ചെയ്യേണ്ട കാര്യങ്ങൾ നേരത്തെ തന്നെ എഴുതി വയ്ക്കുക ചെയ്തുകഴിയുമ്പോൾ ടിക്ക് ചെയ്തു മാറ്റുക.

6) Read good books : at least one page per day.

**7) Towards thinking:**


രണ്ടുതരം ചിന്തകളുണ്ട്

Towards thinking and away from thinking

എപ്പോഴും ക്രിയാത്മകമായ ചിന്തിക്കുക. എനിക്കൊരു മേന്മയേറിയ ലെവലിൽ എത്തണം, എപ്പോഴും പ്രോഡക്ടീവായും പോസിറ്റീവായും ചിന്തിക്കുക, be productive to us, to others, to the society "Be positive always"

## പരേതരെ സ്മരിക്കാം — സെപ്റ്റംബർ

| | | |
|---|---|---|
| 01 | (1993) | ഫാ. ദാനിയേൽ തട്ടാരശ്ശേരി |
| 05 | (2011) | ബിഷപ്പ് പീറ്റർ തുരുത്തിക്കോണം |
| 13 | (1997) | ഫാ. ബെനഡിക്റ്റ് ഒ.സി.ഡി. |
| 16 | (1979) | ഫാ. പോൾ കോയിക്കാരൻപറമ്പിൽ |
| 17 | (1949) | ഫാ. കാർമ്മൽ ഒ.സി.ഡി. |
| 17 | (1984) | ഫാ. ഫാബിയൻ ഒ.സി.ഡി. |
| 17 | (2017) | ഫാ. ജോർജ് പറപ്പള്ളി |
| 20 | (1987) | ഫാ. ലോറൻസ് പുതുമന |
| 22 | (2008) | ഫാ. ജോർജ് പാറയിൽ |



# അക്ഷരവെളിച്ചത്തിന്റെ ഉറവിടങ്ങൾ

**സിന്റാ എരുമേലി**

കേരളത്തിന്റെ തനിമയെ, അതിന്റെ സ്രോതസ്സുകളെ ഏറ്റവും മനോഹരമായി പ്രയോജനപ്പെടുത്തുവാൻ മലയാള മണ്ണിന്റെ മക്കൾക്ക് സാധിച്ചത്, കാലങ്ങൾ പുറകോട്ട് ചിന്തിച്ചാൽ മണ്ണും മലയും കടലും താണ്ടി ദൈവവചനം ചങ്കോട് ചേർത്ത് പിടിച്ച് മലയാള മണ്ണിലേക്ക് കടന്നുവന്ന പല ക്രൈസ്തവ മിഷനറിമാരുടെയും ഇടപെടലുകൾ തന്നെയാണ് കാലങ്ങൾക്ക് പുറകിൽ അക്ഷരങ്ങളുടെ വെള്ളിവെളിച്ചം അവർ പകർന്നുനൽകിയ പ്രകാശം തന്നെയാണ് ഇന്ന് നിലകൊള്ളുന്ന വിദ്യാഭ്യാസ രംഗത്തിന്റെ അടിസ്ഥാന ഘടകം എന്നത്... കുറച്ചുനാളുകൾക്കു മുമ്പ് കോട്ടയത്തിന്റെ തെരുവീഥികളിലൂടെ നടന്നു നീങ്ങുമ്പോൾ ഒരുകൂട്ടം അധ്യാപകർ ചേർന്ന് തങ്ങളുടെ നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം ചെയ്യുന്നത് കാണുവാൻ ഇടയായി. അറിവ് പകരുന്നവന് അന്നം ഇല്ലാതാവുന്ന ദയനീയ ദൃശ്യം ആയിരുന്നു അത് എന്ന് ഇന്നത്തെ പല വാർത്തകളിലും നിന്ന് മനസ്സിലാക്കുവാൻ സാധിക്കും.

തന്റെ മക്കൾക്ക് എന്നപോലെ വിദ്യ അഭ്യസിപ്പിക്കുന്ന മറ്റൊരു തരത്തിൽ നേർവഴി കാണിച്ചു കൊടുക്കുന്ന അനേകം നല്ല മാതാപിതാക്കൾ തന്നെയാണ് അധ്യാപകരും. കുറച്ച് നാളുകൾക്കു മുമ്പ് സോഷ്യൽ മീഡിയയിൽ തെളിഞ്ഞുനിന്ന ഒരു വീഡിയോ ഉണ്ടായിരുന്നു ഒരു അധ്യാപകനോട് ഒരു വിദ്യാർത്ഥി രോഷാകുലനായി സംസാരിക്കുന്നത്.

കാണുമ്പോൾ ഒന്നേ മനസ്സിൽ തോന്നുന്നുള്ളു. കാലം മാറിപ്പോയി. കാലങ്ങൾക്ക് പുറകിൽ അറിവിനെ സ്വീകരിക്കുന്നവൻ അറിവ് നൽകുന്നവനെ ദൈവതുല്യനായി കണ്ടിരുന്ന കാലം മാറിക്കഴിഞ്ഞു. ഇന്ന് ഈ കേരള മണ്ണിന്റെ അറിവിന്റെ സ്രോതസ്സുകൾ ആയ വിദ്യാലയങ്ങൾ ഏറെ തന്നെയും ക്രൈസ്തവ സംഭാവനകൾ തന്നെയാണ്. കോട്ടയം പട്ടണത്തിന്റെ മുഖ്യധാരയിൽ തന്നെ നിൽക്കുന്ന വിജയപുരം രൂപതയുടെ കീഴിലുള്ള നമ്മുടെ വിദ്യാലയങ്ങളും അക്ഷര നഗരിയുടെ അനുഗ്രഹം തന്നെയാണ്.

കാലത്തിന്റെ മാറ്റപ്പെടുന്ന ചട്ടങ്ങളിൽ വിദ്യക്കും വിദ്യ അഭ്യസിപ്പിക്കുന്ന ഗുരുക്കന്മാർക്കും കിട്ടേണ്ട പ്രാധാന്യം ഇന്നത്തെ നമ്മുടെ ഭരണകൂടം പലപ്പോഴും കണ്ടില്ല എന്ന് നടിക്കുന്നു പാഠപുസ്തകങ്ങളുമായി വിദ്യാലയങ്ങളിലേക്ക് പോകേണ്ട പലരും അന്നത്തിനു വേണ്ടി സമരവേദികളിലേക്ക് പോകേണ്ടിവരുന്ന ദയനീയ അവസ്ഥ. അക്ഷര നഗരിയുടെ സ്രോതസ്സുകൾ ആയ പല വിദ്യാലയങ്ങളും ഈ നഗരത്തിന് നേടിക്കൊടുത്തത് വെറും ഓർമ്മകൾ മാത്രമല്ല മറിച്ച് അഭിമാനിക്കുവാൻ നല്ല നല്ല വ്യക്തിത്വങ്ങളെയാണ്. അവരെ സൃഷ്ടിച്ചെടുത്ത അധ്യാപകരെയാണ് ഇന്നത്തെ സമൂഹം മറന്നു കളയുന്നത്.

ക്രൈസ്തവ മിഷനറിമാർ ഒരുകാലത്ത് ഏറ്റെടുത്ത സഹനത്തിന്റെയും പ്രാർത്ഥനയുടെയും അധ്വാനത്തിന്റെയും ഫലമാണ് ഇന്ന് നമ്മുടെ സമൂഹം അനുഭവിച്ചു പോരുന്ന മികച്ച വിദ്യഭ്യാസ സംവിധാനങ്ങൾ എന്നത്... അധ്വാനം കൊണ്ട്

പ്രതിസന്ധിയിലായി മാറുന്ന ഒരു വിഭാഗം മാത്രമായി ഇന്നത്തെ അധ്യാപക സമൂഹം മാറിക്കൊണ്ടിരിക്കുകയാണ്. നിരവധി പ്രശ്നങ്ങളുള്ള പ്രതിസന്ധികൾ ഉള്ള ഒരു കാലഘട്ടത്തിൽ ജീവിക്കുന്ന ഇന്നത്തെ പുതുതലമുറയ്ക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി അവരുടെ ഭാവിയെ സുരക്ഷിതമാക്കുവാൻ അധ്യാപക സമൂഹത്തിനാണ് ഏറ്റവും കൂടുതൽ സാധിക്കുക. ഒന്നു മാത്രമേ സൂചിപ്പിക്കുവാൻ ഉള്ളൂ കൊടുക്കേണ്ട ബഹുമാനം കൊടുക്കേണ്ടവർക്ക് കൊടുക്കുവാൻ നമ്മുടെ സമൂഹം പലപ്പോഴും മറന്നു പോകുന്നു.

പ്രിയ സമൂഹമേ, നിങ്ങളെങ്കിലും തിരിച്ചറിയുക അറിവ് നൽകുന്നവരെ ബഹുമാനിക്കുവാൻ പുതുതലമുറയെ പഠിപ്പിച്ചു കൊടുക്കുക. ഇനിയുള്ള നേതൃത്വം എങ്കിലും നമ്മളെ തിരിച്ചറിയും നമ്മുടെ ഭരണകൂടങ്ങൾ മനസ്സിലാക്കും വിദ്യാഭ്യാസത്തിന്റെ വില എന്ത് എന്ന് അധ്യാപകന്റെ വില എന്ത് എന്ന്.

ആദരാഞ്ജലികൾ



**റവ.ഫാ. ജോസഫ് കാലായിൽ**
**13-4-1935 - 24-08-2025**

ആദരാഞ്ജലികൾ



**അന്നമ്മ മത്തായി**
**മാനാപ്പറമ്പിൽ കാക്കമല**
**പെരുമ്പെട്ടി മൗണ്ട് കാർമൽ യൂണിറ്റ്**
**ആദ്യകാല വിശ്വാസ പരിശീലക**

ആദരാഞ്ജലികൾ



**മരിയ ബേബി**
**സി. ബെൽസിറ്റിന്റെ മാതാവ്**
**പാറക്കുന്ന്**

ആദരാഞ്ജലികൾ



**മോനിക്ക**
**സി. ജോമി CTC, യുടെ മാതാവ്**

# വിശുദ്ധ അൽഫോൻസാമ്മ

സി. മേരി ജൂലിയ DIH



ഭരണങ്ങാനം അൽഫോൻസാമ്മ എന്ന പേരിൽ മലയാളികളുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന വിശുദ്ധ അൽഫോൻസാ, സഹനത്തിന്റെയും സ്നേഹത്തിന്റെയും ദീപ്തമായ നേർസാക്ഷ്യമാണ്. 1910 ഓഗസ്റ്റ് 19 ന് ജനിച്ച അൽഫോൻസാമ്മയുടെ പുണ്യ ജീവിതം 1946 ജൂലൈ 28 ന് സമാപിച്ചു. ഈ വിശുദ്ധയുടെ ജീവിതം അടയാളപ്പെടുത്തുക മഹത്തായ സാംസ്കാരിക നേട്ടങ്ങളിലോ, ലോകമറിയുന്ന പ്രവൃത്തികളിലോ അല്ല, മറിച്ച് ക്രിസ്തുവിനോടുള്ള ആഴത്തിലുമുള്ള സ്നേഹവും സഹനത്തിൽ കാണിച്ച വിശുദ്ധിയും ആയിരുന്നു.

നിശബ്ദമായ സഹനത്തിന്റെ വഴിയിലൂടെ മുന്നേറിയ ജീവിതം –

ശിശുവായിരിക്കുമ്പോൾ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ടു. പിന്നീട് പല തരത്തിലുള്ള രോഗങ്ങളും അപകടങ്ങളും അവളുടെ ജീവിതത്തിൽ ഉണ്ടായി. എന്നാൽ, അവയെല്ലാം ദുഃഖകാരണമായി കാണാതെ, ക്രിസ്തുവിന്റെ കുരിശിലെ സഹനങ്ങളിലുള്ള പങ്കാളിത്തമായി കണ്ടു. അവൾ എഴുതിവച്ച വാക്കുകൾ ഇങ്ങനെ. ഞാൻ എന്റെ ദൈവത്തോട് ഒരു ഉടമ്പടി ചെയ്തു. അവനുവേണ്ടി, സഹിക്കേണ്ട എല്ലാ അവസരവും ഞാൻ ഉപേക്ഷിക്കുകയില്ല.

ദൈവസന്നിധിയിലും വിശുദ്ധ കർമ്മങ്ങളിലും ആഴപ്പെട്ടു തുടങ്ങിയ ജീവിതത്തിന് ദിവ്യകാരുണ്യത്തിനോടും നിത്യപ്രാർത്ഥനയോടും ആഴമാർന്ന അടുപ്പമുണ്ടായിരുന്നു. രോഗംമൂലം കിടപ്പിലായിരുന്നെങ്കിലും ദിവ്യകാരുണ്യനാഥനിലുള്ള വിശ്വാസം എല്ലാ സഹനങ്ങളേയും മറികടക്കാൻ ശക്തി പകർന്നു. ഏവർക്കും പ്രചോദനമായ ഒരു ദിവ്യമായ സൗമ്യതയും സ്നേഹവും എപ്പോഴും വിശുദ്ധയുടെ മുഖത്ത് നിറഞ്ഞിരുന്നു. സഹനത്തിന്റെയും രോഗത്തിന്റെയും വിശുദ്ധയായവൾ.

2008-ൽ പാപ്പാ ബെനഡിക്ട് XVI-അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു. ഇത് ഇന്ത്യയിൽ നിന്നുള്ള ആദ്യ വനിതാ വിശുദ്ധയായി. രോഗികളും സങ്കടത്തിലായവരും അൽഫോൻസാമ്മയിലേക്കാണ് ആശ്വാസത്തിനായി ഓടിയെത്തിയത്. മുറിക്കുള്ളിൽ, കിടക്കയിൽ കിടക്കുന്ന അവളുടെ ജീവിതം തന്നെയാണ് വളരെയേറെ പേരെ ദൈവത്തിങ്കലേക്ക് കൈപിടിച്ച് നടത്തിയത്. അവളുടെ ജീവിതം നമ്മോട് പറയുന്നു: "പുണ്യജീവിതം വലിയവർക്കല്ല. ദൈവത്തിൽ പൂർണ്ണമായും വിശ്വസിക്കുന്നവർക്കാണ്."

## കെ.സി.വൈ.എം - മൂന്നാർ
# അർദ്ധ വാർഷിക സെനറ്റ് സമ്മേളനം



മൂന്നാർ– കെ.സി.വൈ.എം വിജയപുരം രൂപത അർദ്ധ വാർഷിക സെനറ്റ് സമ്മേളനം 2025 ജൂലൈ 11, 12, 13 തീയതികളിലായി മൂന്നാർ മിസ്റ്റിൽ വെച്ച് നടത്തപ്പെട്ടു. ശ്രീമതി മിനു പ്രമോദ് IRS സമ്മേളനം ഉദ്ഘാടനം ചെയ്യുകയും "ഹോപ്പ് ലഹരി വിരുദ്ധ ക്യാമ്പയിന്റെ" ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നയിക്കുകയും ചെയ്തു. രൂപത പ്രസിഡന്റ് അജിത്ത് അൽഫോൺസ് അദ്ധ്യക്ഷനായിരുന്നു. മൗണ്ട് കാർമ്മൽ ബസിലിക്ക റെക്ടർ റവ.ഫാ. മൈക്കിൾ വലയിഞ്ചിയിൽ, രൂപത ഡയറക്ടർ ഫാ. ജോൺ വിയാനി, ജനറൽ സെക്രട്ടറി അനു വിൻസെന്റ്, അസോസിയേറ്റ് ഡയറക്ടർ ഫാ. ഫെർണാണ്ടസ് കോട്ടമേട്, ആനിമേറ്റർ സിസ്റ്റർ മേരി ജ്യോതിസ്, വൈസ് പ്രസിഡന്റുമാരായ ഏയ്ഞ്ചൽ സണ്ണി, ജസ്റ്റിൻ രാജൻ സെക്രട്ടറിമാരായ അഞ്ജന ഷാജി, പ്രിൻസ് എബ്രഹാം, ട്രഷറർ ബിജിൻ പി.ബി, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ജോസ് സെബാസ്റ്റ്യൻ, ഫാ.സോജൻ, ഫാ. ബെഞ്ചമിൻ എന്നിവർ സംസാരിച്ചു. ഫോറം കൺവീനർമാരായ അലൻ ജോസഫ്, സാന്ദ്ര സണ്ണി, എബിൻ ജോസഫ്, യൂത്ത് കൗൺസിൽ അംഗങ്ങളായ രാജാ വി, ധന്യ മോഹൻരാജ്, ജോബിൻ രാജൻ, ജോബിൻ ആൻറണി, മനു മാത്യു, സുബിൻ കെ സണ്ണി, ജോസ് വർക്കി എന്നിവർ സമ്മേളനത്തിന് നേതൃത്വം വഹിച്ചു. 6 മേഖലകളിൽ നിന്നായി 135 യുവജനങ്ങൾ പങ്കെടുത്തു.



വയോജന ദിനാചരണം അസംപ്ഷൻ ചർച്ച് വണ്ടിപ്പെരിയാർ

# സ്ത്രീ ശാക്തീകരണത്തിന്റെ സർക്കാർ ഇടപെടലുകൾ

ആധുനിക ഇന്ത്യയെ പടുത്തുയർത്തുന്നതിന് ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകളെ ശാക്തീകരിക്കുന്നത് ഒഴിച്ചുകൂടാൻ ആവാത്ത ഒരു രാഷ്ട്രീയ പ്രക്രിയയാണ്. ഒരു സമൂഹത്തിലെ സ്ത്രീകളുടെ ജീവിത നിലവാരമാണ് ആ സമൂഹത്തിന്റെ പുരോഗനോന്മുഖതയെ അടയാളപ്പെടുത്തുന്ന പ്രത്യക്ഷമാപിനി. ഭാരതീയ സ്ത്രീകളെ ശാക്തികരിക്കുന്ന രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമായി ഇന്ത്യ ഗവൺമെന്റ് നിരവധി പദ്ധതികൾ മുൻപോട്ട് വയ്ക്കുന്നു. അവസരസമത്വം. തുല്യപങ്കാളിത്തം, ശേഷി വികസനം, നൈപുണ്യ വികസനം, സാമ്പത്തിക സ്വയം പര്യാപ്തത എന്നിവ ഉറപ്പാക്കിക്കൊണ്ട് വിവിധ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു.

## മിഷൻ ശക്തി

സ്ത്രീ സുരക്ഷയ്ക്കും, ശാക്തികരണത്തിനുമായി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു സംയോജിത പദ്ധതിയാണ് മിഷൻ ശക്തി. 2021–22 മുതൽ 2025–26 വരെയുള്ള കാലയളവിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കീഴിലാണ് ഈ പദ്ധതി ആരംഭിച്ചത്. സ്ത്രീ ശാക്തീകരണത്തിന്റെ ഇടപെടലുകളെ ദ്രുതഗതിയിൽ ആക്കുന്നതിനുള്ള ഒരു സംരംഭമാണ് മിഷൻ ശക്തി. കേന്ദ്രസർക്കാരിന്റെ സ്ത്രീ കേന്ദ്രീകൃത വികസന സങ്കല്പം പ്രായോഗിക തലത്തിൽ എത്തിക്കുന്ന ഒരു പദ്ധതിയായാണ് മിഷൻ ശക്തി വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്. രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ സ്ത്രീകളെ തുല്യപങ്കാളികളാക്കി വികസനം ത്വരിതപ്പെടുത്തുന്ന പദ്ധതിയാണ് മിഷൻ ശക്തി.

## മിഷൻ ശക്തിയുടെ ലക്ഷ്യങ്ങൾ

അക്രമങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും ഇരകളാക്കപ്പെട്ട സ്ത്രീകളുടെ പുനരധിവാസം ഗുണപരമായി മെച്ചപ്പെടുത്തുക

സ്ത്രീകൾക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സേവന പദ്ധതികൾ എളുപ്പത്തിൽ നേടിയെടുക്കാൻ സഹായിക്കുക.

പൊതുസമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീധനം പോലുള്ള സാമൂഹ്യതിന്മകൾക്കെതിരെ പോരാടുവാൻ സ്ത്രീകളെ സജ്ജരാക്കുക.

തൊഴിലിടങ്ങളിൽ നിലനിൽക്കുന്ന ലൈംഗിക അതിക്രമങ്ങൾക്കെതിരെയും ഗാർഹിക കുറ്റങ്ങൾക്കെതിരെയും പോരാടുവാൻ സ്ത്രീകളെ ബോധവൽക്കരിക്കുകയും ലിംഗനീതി ഉറപ്പാക്കുകയും ചെയ്യുക.

സ്ത്രീകളോടും പെൺകുട്ടികളോടും പൊതുസമൂഹം വച്ചുപുലർത്തുന്ന വികലമായ കാഴ്ചപ്പാടുകളെ തിരുത്തുവാൻ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക

പെൺകുട്ടികളുടെ അതിജീവനവും, വിദ്യാഭ്യാസവും സുരക്ഷയും, ഉറപ്പു വരുത്തുക.

സ്ത്രീശാക്തീകരണത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് മിഷൻ ശക്തി. ഭാരതീയ സ്ത്രീകളുടെ സർവ്വതോന്മുഖമായ വികസനം ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സ്ത്രീകളുടെ ജീവിതത്തിൽ ഉടനീളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയും രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ തുല്യ പങ്കാളികളായി സ്ത്രീകളെ നിലനിർത്തുകയും ചെയ്യുന്ന മിഷൻ ശക്തി പദ്ധതിക്ക് രണ്ട് പ്രധാന വിഭാഗങ്ങളുണ്ട്. സമ്പൽ (Sambal), സാമർഥ്യ (Samarthya).

സ്ത്രീ സുരക്ഷ ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതിയാണ് സമ്പൽ. One Stop Center ( OSC), Women Helpline (181),
Beti Bachavo Beti Padhavo( BBBP) എന്നീ സംരംഭങ്ങൾ സമ്പൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നവയാണ്.

## സഖി : ONE STOP CENTER

അക്രമത്തിന് ഇരകളാകുന്ന സ്ത്രീകൾക്ക് അഭയം നൽകുന്ന പദ്ധതിയാണ് One Stop Center. പൊതു- സ്വകാര്യ ഇടങ്ങളിൽ ആക്രമണത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് ആവശ്യമായ സഹായങ്ങൾ മുഴുവൻ ഒരു "കൂരയ്ക്കു" കീഴിൽ നൽകുക എന്നതാണ് 'സഖി - One Stop Center' എന്ന പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇരകളാക്കപ്പെടുന്ന സ്ത്രീകൾക്ക് ആവശ്യമായ ചികിത്സ, നിയമസഹായം, താമസ സൗകര്യം, പോലീസ് സംരക്ഷണം, മനശാസ്ത്രപരമായ പിന്തുണ, കൗൺസിലിംഗ് എന്നിവ One Stop സെന്ററിൽ ലഭ്യമാക്കുന്നു. കൂടാതെ ആവശ്യമെങ്കിൽ ഇവരെ സർക്കാരിന്റെ സാമ്പത്തിക -സാമൂഹ്യ ഉന്നമന പദ്ധതികളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. അക്രമത്തിന് ഇരകളാകുന്ന സ്ത്രീകൾ കുടുംബിനികൾ ആണെങ്കിൽ One Stop Center ഒരുക്കുന്ന താൽക്കാലിക ഷെൽട്ടർ ഹോമുകളിൽ 5 ദിവസം വരെ കുട്ടികളുമൊത്ത് തങ്ങാവുന്നതാണ്. ദീർഘകാലം അഭയം വേണ്ടവർക്ക് One Stop Center അധികാരികൾ തന്നെ "ശക്തിസദൻ' പദ്ധതിയുമായി ചേർന്ന് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

## ബേട്ടി ബച്ചാവോ ബേട്ടി പഠാവോ

പെൺകുട്ടികളുടെ സംരക്ഷണത്തിനും, ശാക്തീകരണത്തിനുമായി കൃത്യതയോടുള്ള പരിശ്രമങ്ങളും നയരൂപീകരണവും സമൂഹ തലത്തിൽ ബോധവല്ക്കരണവും നൽകുവാൻ വേണ്ടി ഭാരത സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ബേട്ടി ബച്ചാവോ' 'ബേട്ടി 'പഠാവോ'. 2014 ഒക്ടോബർ മാസത്തിലാണ് 'ബേട്ടി ബച്ചാവോ' ബേട്ടി 'പഠാവോ' ഇന്ത്യയിൽ നടപ്പിലാക്കിയത്. ഇത് പ്രധാനമായും ചർച്ച ചെയ്യുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും പെൺകുഞ്ഞുങ്ങളുടെ ലിംഗ അനുപാതത്തിലുള്ള ഗണ്യമായ കുറവാണ്. ഇത് ദേശീയ തലത്തിലുള്ള ബോധവൽക്കരണത്തിലൂടെയും പെൺകുഞ്ഞുങ്ങളുടെ ലിംഗ അനുപാതം കുറവുള്ള

100 തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ പഠനം നടത്തി ജനങ്ങളെ ബോധവാന്മാരാക്കുകയാണ് ഉദ്ദേശിക്കുന്നത്. വനിതാ- ശിശുക്ഷേമ വികസന മന്ത്രാലയവും, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയവും,മാനവവിഭവ ശേഷി മന്ത്രാലയവും കൈകോർത്തു നടപ്പാക്കുന്ന പദ്ധതിയാണ് ബേട്ടി ബചാവോ 'ബേട്ടി പഠാവോ.' പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസവും വികസനവും മുൻനിർത്തി ഇപ്പോൾ കേന്ദ്ര ന്യൂനപക്ഷ വകുപ്പും,നൈപുണ്യ വികസന വകുപ്പും ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. പെൺകുട്ടികൾക്കായി സ്വയം പ്രതിരോധ ക്യാമ്പുകൾ (self- defence camps) സംഘടിപ്പിക്കുക, പെൺകുട്ടികൾക്ക് മാത്രമായുള്ള ശൗചാലയങ്ങൾ നിർമ്മിക്കുക, സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീനുകൾ പൊതു ഇടങ്ങളിൽ സ്ഥാപിക്കുക, സാനിറ്ററി പാഡുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാക്കുക മുതലായവ ഈ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ്.

### വുമൺ ഹെൽപ് ലൈൻ. Woman Help Line ( WHL)

സ്വകാര്യ, പൊതു ഇടങ്ങളിൽ അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക് ഒരു മേൽക്കൂരയ്ക്ക് കീഴിൽ സംയോജിത പിന്തുണയും സഹായവും നൽകുന്നതിനായി സ്ഥാപിതമായ സംവിധാനമാണ് വുമൺ ഹെൽപ്പ്ലൈൻ (WHL). ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് പിന്തുണയും വിവരങ്ങളും തേടുന്നതിന് 24 മണിക്കൂറും ടോൾ ഫ്രീ ടെലികോം സേവനം ഇതിലൂടെ ലഭ്യമാകുന്നു. ഈ നമ്പർ പോലീസ്, ആംബുലൻസ്, ഫയർഫോഴ്സ് സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുന്നു. Emergency Response Support System (ERSS) വഴി ഇരകളാക്കപ്പെടുന്ന സ്ത്രീകൾക്ക് അതിവേഗം സഹായം ലഭ്യമാകുന്നു. അത്യാവശ്യ സഹായങ്ങൾ മാത്രമല്ല ഈ നമ്പർ വഴി ലഭ്യമാവുക. സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ, സർക്കാർ സ്ത്രീകൾക്കായി ഒരുക്കിയിരിക്കുന്ന പ്രത്യേക സൗകര്യങ്ങൾ എന്നിവയിലുള്ള അറിവും ലഭ്യമാക്കുന്നു. സമീപത്തുള്ള Protection Officers, Prevention Officers എന്നിവരുമായി ബന്ധപ്പെടാനുള്ള സൗകര്യവും ക്രമീകരിക്കുന്നു.

## സാമർഥ്യ (Samarthya)

മിഷൻ ശക്തി പദ്ധതിയുടെ മറ്റൊരു പ്രധാന ഉപ പദ്ധതിയാണ് സാമർത്ഥ്യ സ്കീം. ഈ പദ്ധതി പരിപൂർണ്ണമായും സ്ത്രീശാക്തീകരണത്തെ ഉന്നം വയ്ക്കുന്നു. നിലവിലുള്ള പല സ്ത്രീശാക്തീകരണ സംരംഭങ്ങളെയും, പുതിയ ചില പദ്ധതികളെയും ഒരു കുടക്കീഴിൽ യോജിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് സാമർഥ്യ. ഈ പദ്ധതിയുടെ ഭാഗമായി ചില സുപ്രധാന സംവിധാനങ്ങൾ സ്ത്രീകൾക്കായി ഒരുക്കുന്നു.

**ശക്തി സദൻ**

ദുരിത പൂർണ്ണമായ ജീവിത പരിസരങ്ങളിൽ അകപ്പെട്ടു പോകുന്ന സ്ത്രീകൾക്ക് അഭയവും, സ്ഥാപനപരമായ പിന്തുണയും (Institutional Support) ഒരുക്കുന്നതാണ്.) മനുഷ്യ കടത്തിന് ഇരകളായ സ്ത്രീകൾക്ക്

പ്രത്യേക പരിരക്ഷ ഈ പദ്ധതിയിലൂടെ ലഭിക്കുന്നു. Swadhar Greh, Ujjwala മുതലായ പദ്ധതികൾ ഇതിൽ ചേർത്തിരിക്കുന്നു.

**സഖി നിവാസ്** : തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് അവരുടെ വരുമാനത്തിന് അനുയോജ്യമായ ഹോസ്റ്റൽ ലഭ്യമാക്കുന്ന പദ്ധതിയാണ് സഖി നിവാസ്.

**പാലന**: തൊഴിൽ ചെയ്യുന്ന അമ്മമാർക്ക് അവരുടെ കുഞ്ഞുങ്ങളെ പരിപാലിക്കുവാൻ സുരക്ഷിതമായ ഒരു സ്ഥലം ആവശ്യമാണ്. പാലന പദ്ധതി ഈ ആവശ്യം നിറവേറ്റുന്നു. കുഞ്ഞുങ്ങൾക്ക് Day Care ഈ പദ്ധതിയിലൂടെ ക്രമീകരിക്കുന്നു.

**സങ്കൽപ് (Sankalp)–** Hub for Empowerment of Women (HEW)– വ്യത്യസ്തമായ സ്ത്രീ ശാക്തീകരണ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്ന കേന്ദ്ര സംവിധാനമാണ് സങ്കൽപ്.

**പ്രധാനമന്ത്രി മാതൃ വന്ദന യോജന** – ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് PMMVY. വനിത ശിശു വികസന മന്ത്രാലയം വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഇന്ത്യൻ ഭരണഘടന, ഇന്ത്യൻ പൗരന്മാർക്ക് സ്ത്രീപുരുഷഭേദമെന്യേ തുല്യ അവകാശങ്ങളും, അവസരസമത്വവും, സ്വാതന്ത്ര്യവും ഉറപ്പു നൽകുന്നു. സ്ത്രീകളെ അവരുടെ തന്നെ ജീവിതത്തിന്റെ നിയന്താക്കൾ ആകുവാൻ പ്രാപ്തരാക്കേണ്ടത് ഏതൊരു രാഷ്ട്രത്തിന്റെയും ധർമ്മമാണ്. അതിനായി മുൻവിധിയിൽ അധിഷ്ഠിതമായ പൊതുബോധ ധാരണകളെ, ഉടച്ച് വാർക്കേണ്ടതും, നവമായ ജീവിത പരിസരങ്ങൾ ക്രമീകരിക്കേണ്ടതും അനിവാര്യമാണ്. ഈ ലക്ഷ്യത്തിനായി ഭാരതസർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതിയാണ് "മിഷൻ ശക്തി".

**ഫാ. അഗസ്റ്റിൻ ബിനോയി മേച്ചേരിൽ**
ഡയറക്ടർ
വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി



വൈദിക ദിനാചരണം അസംപ്ഷൻ ചർച്ച് വണ്ടിപ്പെരിയാർ

# ക്രൈസ്തവ ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക: കെ.സി.വൈ.എം. വിജയപുരം രൂപത




കോട്ടയം: ഛത്തീസ്ഗഡിലെ ദുർഗിൽ കന്യാസ്ത്രീകൾ അന്യായമായി തടവിലാക്കപ്പെട്ട സംഭവത്തിലും ക്രൈസ്തവ ന്യൂനപക്ഷ സമൂഹം നിരന്തരമായി നേരിടുന്ന അവകാശ ലംഘനങ്ങൾക്ക് എതിരെയും കെ.സി.വൈ.എം. വിജയപുരം രൂപത പ്രതിഷേധ സംഗമം നടത്തി. കോട്ടയം ഗാന്ധി സ്ക്വയറിൽ നടത്തപ്പെട്ട സംഗമത്തിൽ രൂപത പ്രസിഡൻറ് ശ്രീ. അജിത്ത് അൽഫോൺസ് അദ്ധ്യക്ഷനായിരുന്നു. രൂപത പാസ്റ്ററർ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീ. സാജു ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചു. സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന ജനങ്ങളെ സേവിക്കാൻ നാടും വീടും ഉപേക്ഷിച്ച് സേവനം ജീവിത ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സന്യസ്തരെ തടവിലാക്കിയത് തികച്ചും ഭരണഘടന അവകാശങ്ങളുടെ ലംഘനമാണ്. എത്രയും വേഗം സന്യസ്തരെ കേസിൽ നിന്ന് വിമോചിപ്പിക്കുക, അന്യായമായി തടവിൽ ആക്കിയവർക്കെതിരെ നടപടി സ്വീകരിക്കുക, ക്രൈസ്തവ സമൂഹത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രത്യേകം കമ്മിറ്റി രൂപീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവച്ചായിരുന്നു പ്രതിഷേധം. കെ.സി.വൈ.എം. വിജയപുരം രൂപത ജനറൽ സെക്രട്ടറി കുമാരി അനു വിൻസന്റ്, രൂപത ഡയറക്ടർ റവ. ഫാ. ജോൺ വിയാനി, രൂപത സെക്രട്ടറി കുമാരി അഞ്ജന ഷാജി, കോട്ടയം മേഖല ഡയറക്ടർ ഫാ. അരുൺ, സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ഫോറം കൺവീനർ ശ്രീ. ജീവൻ മാത്യൂസ്, കലാ കായിക ഫോറം കൺവീനർ ശ്രീ. എബിൻ ജോസഫ്, ആനിമേറ്റർ സി. മേരി ജ്യോതിസ് എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു.



Zero dose say no to drugs ലഹരിക്കെതിരെ പാമ്പനാർ തിരുഹൃദയ ഇടവകയിലെ കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ അംഗങ്ങളുടെ നേതൃത്വത്തിൽ ലഹരിക്കെതിരായി കുട്ടിക്കാനം മുതൽ പാമ്പനാർ വരെ മിനി മാരത്തോൺ നടത്തപ്പെട്ടു. ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ ഫ്ലാഗ് ഓഫ് ചെയ്ത മാരത്തോൺ കുട്ടിക്കാനം പീരുമേട് വഴി പാമ്പനാറിൽ സമാപിച്ചു. തെരുവുനാടകം, flashmob, aerobic dance എന്നിവയാൽ മനോഹരമായിരുന്നു. പാമ്പനാർ ടൗണിൽ സമാപന സമ്മേളനവും നടന്നു. പാമ്പനാർ ഇടവക വികാരി ഫാദർ ജോസ് കുരുവിള കാടൻന്തുരുത്തേൽ, സഹവികാരി ഫാദർ ടോണി റാഫേൽ മൂട്ടൂർ, ആനിമേറ്റർ സിസ്റ്റർ ആശ, പാമ്പനാർ കേരള കത്തോലിക്ക യുവജനപ്രസ്ഥാനം അംഗങ്ങളും നേതൃത്വം വഹിച്ചു. പരിപാടിയിൽ പീരുമേട് സബ് ഇൻസ്പെക്ടർ ശ്രീ ജെഫീ, പാമ്പനാർ വ്യാപാര വ്യവസായ പ്രസിഡൻറ് ശ്രീ മാത്യു, പാമ്പനാർ ഇടവക സമിതി സെക്രട്ടറി ശ്രീ സാബു, പട്ടുമല ആശ്രമ ബ്രദർ റിച്ചാർഡ് സമാപന സമ്മേളനത്തിൽ അഭിസംബോധന ചെയ്ത് സംസാരിച്ചു. സേവനാലയ മദർ സുപ്പീരിയർ സിസ്റ്റർ മരിയ ലഹരിക്കെതിരായ പ്രതിജ്ഞ ചൊല്ലി കൊടുത്തു. പാമ്പനാർ ഗവൺമെന്റ് ഹൈസ്കൂൾ പെരുവന്താനം സെന്റ് ആന്റണീസ് കോളേജ്, SN college Pambanar, സെന്റ് സെബാസ്റ്റ്യൻ ചർച്ച് ചീന്തലാർ എന്നിവിടങ്ങളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. കുട്ടിക്കാനം തേജസ് സിസ്റ്റേഴ്സ്, കുട്ടിക്കാനം ആശ്രമവൈദികർ, പാമ്പനാർ ഇടവക ജനങ്ങളും പങ്കെടുത്തു. പരിപാടിയിൽ പങ്കുചേർന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും മെഡലും നൽകി.

# ഇടവക വാർത്തകൾ



സെന്റ് മേരിസ് ചർച്ച് മുണ്ടക്കയം. 2025 ജൂലൈ മാസം 27ാം തീയതി വയോജന ദിനമായി ആചരിക്കുകയുണ്ടായി. മുണ്ടക്കയം വിശ്വാസ രൂപീകരണ യൂണിറ്റിന്റെ നേതൃത്വത്തിലാണ് പരിപാടികൾ നടത്തപ്പെട്ടത്. ബഹുമാനപ്പെട്ട വികാരി ഫാദർ ഡെന്നീസ് കണ്ണമാലിൽ അധ്യക്ഷനായിരുന്ന മീറ്റിംഗിൽ വെരി. റവ.ഫാ ജോബ് കുഴിവയലിൽ, കൊച്ചച്ചൻ ജോൺസൺ ചാലുമാട്ടുതറ അച്ചൻ എന്നിവർ സന്നിഹിതരായിരുന്നു.



ഓഗസ്റ്റ് മാസം നടത്തപ്പെട്ട വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുത്തവർ, ഫാമിലി അപ്പോസ്തലെറ്റ് ഡയറക്ടർ ഫാദർ മാത്യു ഒഴത്തിൽ, ആനിമേറ്റർ സിസ്റ്റർ റാണി, കോഡിനേറ്റർ ശ്രീ റെജി എന്നിവരോടൊപ്പം.



കുട്ടിക്കാനത്തുവെച്ച് അഭിവന്ദ്യ ജസ്റ്റിൻ പിതാവിന്റെ അധ്യക്ഷതയിൽ നടന്ന പീരുമേട് ഫൊറോന അജപാലന സമിതിയുടെയും വിജയപുരം രൂപത രാഷ്ട്രീയ കാര്യസമിതിയുടെയും സംയുക്തയോഗം.



തിരുവല്ല മേഖല ചെറുപുഷ്പ മിഷൻ ലീഗിന്റെ മേഖല ഭാരവാഹികൾ ഡയറക്ടർ സ്റ്റീഫൻ പുത്തൻപറമ്പിൽ, അസിസ്റ്റൻറ് ഡയറക്ടർ സിസ്റ്റർ സ്റ്റെല്ല D I H, ജനറൽ ഓർഗനൈസർ അഭിജിത്ത് എന്നിവരോടൊപ്പം.

## തിരുവല്ല മേഖലയെ പ്രതിനിധീകരിക്കുന്ന 2025-28 വർഷത്തെ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ

**റവ.ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ**
(VF Ex-officio)

**റവ.ഫാ. റ്റോം ജോസ്**
(Elected Member of Zonal Priests)

**ശ്രീ. ബിജു വി. ജോൺ, വനവാതുക്കര**
**ശ്രീ. സുബിൻ കെ. സണ്ണി, മഠത്തുംഭാഗം**
**ശ്രീ. ഡാമിയൻ റ്റി. വർഗ്ഗീസ്, തിരുവല്ല**
**ശ്രീമതി ജോമോൾ ബൈജു, ചങ്ങനാശ്ശേരി**

# കെ.സി.വൈ.എം പെരുവ പ്രതിഷേധറാലിയും പൊതുസമ്മേളനവും



**ഛത്തീസ്ഗഡിലെ ദുർഗിൽ അന്യായമായി തടവിലാക്കപ്പെട്ട കന്യാസ്ത്രീകൾക്ക് വേണ്ടിയും രാജ്യത്തിലെ ക്രൈസ്തവ ന്യൂനപക്ഷ ങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾക്കെതിരെയും** 03/08/2025 ഞായറാഴ്ച കെ.സി.വൈ.എം പെരുവ യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവ കയുടെ സഹകരണത്തോടെ പ്രതിഷേധറാലിയും പൊതുസമ്മേളന വും നടത്തപ്പെട്ടു.

യൂണിറ്റ് പ്രസിഡന്റ് കുമാരി ഹൃദ്യ മരിയ റെജിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കെ.സി.വൈ.എം പട്ടിത്താനം മേഖല പ്രസിഡൻറ് ശ്രീ. എബിൻ ജോസഫ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് അസിസ്റ്റൻറ് ഡയറക്ടർ റവ.ഫാ. കുരുവിള അഗസ്റ്റിൻ ആമുഖപ്രഭാഷണം നടത്തി. കെ.സി. വൈ.എം പട്ടിത്താനം മേഖല വൈസ് പ്രസിഡൻറ് ശ്രീമതി. ഷെറിൻ കെ.സി. സമ്മേളനം അഭിസംബോധന ചെയ്ത് സംസാരിച്ചു. കെ.സി. വൈ.എം പട്ടിത്താനം മേഖല എക്സിക്യൂട്ടീവ് അംഗം ലിബിൻ ബാബു, ഇടവക സമിതി സെക്രട്ടറി ശ്രീ. സൈജു വർക്കി പുറക്കാട്ടിൽ, ഇടവക PDC സെക്രട്ടറി ശ്രീ. സതീഷ് എന്നിവർ ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസാരിച്ചു. സമ്മേളനത്തിൽ വിശ്വാസ രൂപീകരണ വിഭാഗം പ്രധാന അധ്യാപിക ശ്രീമതി.ഷെറീന സതീഷ് സ്വാഗതവും യൂണിറ്റ് മേഖലാ പ്രതിനിധി ശ്രീ. ആൽഫ്രഡ് ടി ബിനോ കൃതജ്ഞതയും അറിയിച്ചു.


---

ചെറുപുഷ്പ മിഷൻ ലീഗ് വിജയപുരം രൂപത തിരുവല്ല മേഖല സംഗമവും തിരഞ്ഞെടുപ്പും ചങ്ങനാശ്ശേരി മേരി മൗണ്ട് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ആഗസ്റ്റ് 3ന് രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. മാത്യു ഒഴത്തിൽ അർപ്പിച്ച പരിശുദ്ധ കുർബാനയോട് കൂടി ലീഡേഴ്സ് സംഗമം ആരംഭിച്ചു. ലീഡേഴ്സ് സംഗമം തിരുവല്ല മേഖല ഡയറക്ടറും ഫൊറോന വികാരിയുമായ പെരിയ ബഹുമാനപ്പെട്ട ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

മിഷൻ ലീഗ് സംസ്ഥാന രൂപത വൈസ് ഡയറക്ടർ സിസ്റ്റർ

മേരി ജൂലിയ ഡി.ഐ.എച്ച് രൂപത ഓർഗനൈസർ ശ്രീ അഭിജിത്ത് ജോൺസൺ, മേഖലാ വൈസ് ഡയറക്ടർ സിസ്റ്റർ മേരി സ്റ്റെല്ലാ ഡി ഐ എച്ച്, എന്നിവർ ആശംസകൾ അറിയിച്ചു. ആത്മീയ ചിന്തകളും വ്യക്തിത്വവികസനവും ഉൾപ്പെടുത്തിയ ക്ലാസ് ശ്രീ. ആന്റണി (ഗസ്റ്റ് സ്പീക്കർ) നൽകി. രൂപതാ സമിതിയുടെ നേതൃത്വത്തിൽ മേഖല തെരഞ്ഞെടുപ്പും നടത്തി. തെരഞ്ഞെടുപ്പിന് സംസ്ഥാന വൈസ് പ്രസിഡന്റ് സിൻറാ ഡെന്നിസ് നേതൃത്വം നൽകി. തിരുവല്ല മേഖലയിലെ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും മത അധ്യാപകരും ആനിമേറ്റേഴ്സും സംഗമത്തിൽ പങ്കെടുത്തു. നിയുക്ത മേഖലാസമിതിക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും.

---



എരുമേലി പ്രൊപ്പോസ് സെന്റ് ജോസഫ് ഇടവകയിൽ വിശ്വാസ രൂപീകരണ വിഭാഗത്തിന്റെയും ഇടവകയിലെ എല്ലാ സംഘടനകളുടെയും സമിതികളുടെയും സംയുക്താഭിമുഖ്യത്തിലും 2025 ആഗസ്റ്റ് 3 ഞായറാഴ്ച വൈദികദിനം ആഘോഷിച്ചു.



എരുമേലി പ്രൊപ്പോസ് സെന്റ് ജോസഫ് ഇടവകയിൽ വിശ്വാസ രൂപീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2025 ആഗസ്റ്റ് 17 ഞായറാഴ്ച ദിവ്യബലിക്കു ശേഷം "മൊബൈൽ ഫോൺ – അനുഗ്രഹമോ? കുടുക്കോ?" എന്ന വിഷയത്തെ ആസ്പദമാക്കി ഡിബേറ്റ് സംഘടിപ്പിച്ചു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## ഭിന്നശേഷിക്കാർക്കായി സ്വയംതൊഴിൽ വായ്പാ വിതരണവും പരിശീലനവും




വിജയപുരം രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ഭിന്നശേഷിക്കാർക്കായി **സ്പർശം 2025'** എന്ന പേരിൽ സ്വയംതൊഴിൽ വായ്പാ വിതരണവും കൂൺ കൃഷിയിൽ പരിശീലനവും സംഘടിപ്പിച്ചു വി.എസ്.എസ്.എസ് കേന്ദ്ര കാര്യാലയമായ കിഴുക്കുന്ന് അമലനിലയത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന്റെ അധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനം വിജയപുരം രൂപതാ സഹായമെത്രാൻ ഡോ ജസ്റ്റിൻ മഠത്തിൽ പറമ്പിൽ ഉദ്ഘാടനം ചെയ്തു 5 ലക്ഷം രൂപയാണ് ഭിന്നശേഷിക്കാർക്കായി വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കായി നൽകിയത്. തുടർന്ന് കൂൺ കൃഷിയിൽ നടന്ന പരിശീലന പരിപാടിക്ക് അനിൽ എബ്രഹാം വാഴൂർ നേതൃത്വം നൽകി. Community development officer Sri.ടി കെ രാജു, Project officer Sri.സെബാസ്റ്റ്യൻ മറ്റത്തിൽ, We share CDO സിസ്റ്റർ വത്സ, Programme supporting officer Smt. മിനി വിനോദ് എന്നിവർ സംസാരിച്ചു.

# സംയുക്ത മീറ്റിംഗ്

vsss അയൽക്കൂട്ടങ്ങളുടെ മേഖലാതലഘടനയായ സംയുക്തയുടെ മീറ്റിങ്ങുകൾ കോട്ടയം, മുണ്ടക്കയം, പട്ടിത്താനം, തിരുവല്ല എന്നീ മേഖലകളിൽ നടത്തപ്പെട്ടു, സംയോജിതാ റിപ്പോർട്ടുകളെ അവലോകനം ചെയ്തുകൊണ്ട് SHG Community development Officer ശ്രീ.ടി കെ രാജു സംസാരിച്ചു തിരുവല്ല പട്ടിത്താനംഎന്നി മേഖലകളിൽ പ്രചോദനം '25 എന്ന പേരിൽ സ്വയംതൊഴിൽ സംരംഭങ്ങളും സാധ്യതകളും എന്ന വിഷയത്തിൽ സംസ്ഥാന വനിതാ കമ്മീഷൻ & കില റിസോഴ്സ് പേഴ്സൺ ശ്രീമതി കെ എൻ ഷീബ. വേളൂരിൽ ശ്രീമതി സുനിത അനിൽകുമാർ എന്നിവരും. കറിക്കാട്ടൂരിൽ Artificial intelligence എന്നീ വിഷയങ്ങളിൽ ശ്രീ. ടി കെ രാജുവും ക്ലാസുകൾ നയിച്ചു

## മുണ്ടക്കയം മേഖല



SHG "സംയുക്ത" കറിക്കാട്ടൂരിൽ വച്ച് നടന്ന മുണ്ടക്കയം മേഖലാതല മീറ്റിങ്ങിന് ഇടവക വികാരി റവ.ഫാ.ജോസഫ് പൂവത്തിങ്കൽ CDO ശ്രീ ടി കെ രാജു, ശ്രീ സണ്ണി പാമ്പാടിയിൽ, ശ്രീമതി ഏലിയാമ്മ സാം, ശ്രീമതി ഷൈലജ എ.പി. എന്നിവർ നേതൃത്വം നൽകി.

## തിരുവല്ല മേഖല



തിരുവല്ല മേഖലാതല SHG സംയുക്ത മീറ്റിംഗ് റാന്നി ലിറ്റിൽ ഫ്ലവർ ചർച്ച് ഹാളിൽ ഇടവക വികാരി റവ. ഫാ. പോൾ നെൽസൺ കാനപ്പള്ളിയുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. മേഖലാ സെക്രട്ടറി ശ്രീമതി ജെസ്സി സംയുക്താ റിപ്പോർട്ട് അവതരിപ്പിച്ചു. SSLC,+2 പരീക്ഷകളിൽ ഫുൾ എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെ മീറ്റിങ്ങിൽ അനുമോദിച്ചു. 82 പേർ പങ്കെടുത്ത മീറ്റിങ്ങിന് ശ്രീമതിമാരായ അന്നമ്മ പീറ്റർ, നിർമല ജെയിംസ് ലാലിമോൾ, ശ്രീ.ലിജിൻ, ശ്രീ ജോയ് സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## പട്ടിത്താനം മേഖല



SHG "സംയുക്ത" പട്ടിത്താനം മേഖലാതല മീറ്റിംഗ് മണ്ണയ്ക്കനാട് ഹോളി ചർച്ച് ഹാളിൽ സംയുക്ത മേഖല പ്രസിഡന്റ് ശ്രീമതി മരിയ പത്രോസി അധ്യക്ഷതയിൽ ചേരുകയുണ്ടായി. VSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, മേഖല ഡയറക്ടർ റവ. ഫാ. തോമസ് പഴവക്കാട്ടിൽ എന്നിവർ സന്ദേശങ്ങൾ നൽകി. ശ്രീ. സെബാസ്റ്റ്യൻ, ജെസ്സി ബാബു, ജെമി കെ.വി, ആനിമേറ്റർമാരായ ലീന, അൻസു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കോട്ടയം മേഖല

കോട്ടയം മേഖലയിലെ 'സംയുക്ത' മീറ്റിംഗ് വേളൂരിൽ വച്ച് നടന്നു. സംയുക്ത കോട്ടയം മേഖല പ്രസിഡന്റ് ശ്രീ ജോസഫ് മാത്യു അധ്യക്ഷതയിൽ സെക്രട്ടറി ശ്രീമതി വനജ ബൈജു റിപ്പോർട്ട് അവതരിപ്പിച്ചു. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിയിൽ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും സംഘങ്ങൾ സ്വയ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും മുഖ്യപ്രഭാഷണം നടത്തി. കോട്ടയം മേഖല




ഡയറക്ടർ റവ. ഫാ. ജോസഫ് തറയിൽ 'പ്രചോദനം ഉദ്ഘാടനം ചെയ്തു. റവ.ഫാ. ആന്റണി T. J മുഖ്യ സന്ദേശം നൽകി. സംയോജിതാ പ്രസിഡന്റ് ശ്രീ ജിനു മോൻ കെ.എം, ശ്രീമതി ദീപ പ്രസാദ്, ശ്രീമതി, മേരി മാത്യു കുമരകം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## യാത്രാമംഗളങ്ങൾ



സ്തുത്യർഹമായ സേവനങ്ങൾക്ക് ശേഷം VSSS അസിസ്റ്റന്റ് ഡയറക്ടർ സ്ഥാനത്തുനിന്നും വിരമിക്കുന്ന റവ. ഫാ. ലിനൂസ് ബിവേര ചുള്ളിക്കാപറമ്പിലിന് VSSS കുടുംബത്തിന്റെ യാത്രാ മംഗളങ്ങളും പ്രാർത്ഥനകളും.

## അനുമോദനങ്ങൾ



VSSS അസിസ്റ്റന്റ്
ഡയറക്ടറായി നിയമിതനായ
റവ.ഫാ. ഫെലിക്സ് ദേവസ്യ
പുറത്തെപറമ്പിൽ

## നേത്ര പരിശോധന ക്യാമ്പ്

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ജില്ലാ അന്ധതാ നിവാരണ സമിതിയുടെയും നേതൃത്വത്തിൽ പാലാ OUR LADY OF GUDALUPE ചർച്ചിൽ വച്ച് നടത്തിയ നേത്ര പരിശോധന

ക്യാമ്പ് വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ബഹുമാനപ്പെട്ട അഗസ്റ്റിൻ മേച്ചേരി അച്ചൻ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി Fr. ജോഷി പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഇടവക സമിതി അംഗങ്ങൾ, മുൻ ആനിമേറ്റർ റോസമ്മ, സിസ്റ്റർ വത്സമ്മ R.F.T.S എന്നിവർ ക്യാമ്പിന്റെ നടത്തിപ്പിന് നേതൃത്വം നൽകി. Vsss പ്രോഗ്രാം ഓഫീസർ ശ്രീ. സെബാസ്റ്റ്യൻ മറ്റത്തിൽ, PDC സെക്രട്ടറി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പാരീഷ് കൗൺസിൽ സെക്രട്ടറി ശ്രീ എം.പി മണിലാൽ സ്വാഗതവും PDC വൈസ് പ്രസിഡന്റ് ഷെറിൻ M C കൃതജ്ഞതയും പറഞ്ഞു. 102 പേർ പരിശോധനകൾക്ക് വിധേയരായി.

## ആശാകിരണം സന്നദ്ധ പ്രവർത്തകരുടെ മേഖലാസമ്മേളനം






വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കാൻസർ രോഗി സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ സന്നദ്ധ പ്രവർത്തകരുടെ മേഖലതല യോഗം കോട്ടയം, പട്ടിത്താനം, മുണ്ടക്കയം, തിരുല്ല മേഖലകളിൽ നടന്നു.

കോട്ടയം മേഖലാ സമ്മേളനം മേഖല പ്രസിഡന്റ് ഫാ. ജോസഫ് തറയിലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. വി എസ് എസ് എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ യോഗത്തിൽ മുഖ്യ സന്ദേശം നൽകി.

പട്ടിത്താനം മേഖലയിൽ മേഖല ഡയറക്ടർ ഫാ. തോമസ് പഴവക്കാട്ടിലിന്റെ അധ്യക്ഷതയിൽ മണ്ണക്കനാട് ഇടവകയിലും മുണ്ടക്കയം മേഖലയിൽ ഫാ. സേവിയർ മാമ്മൂട്ടിലിന്റെ അധ്യക്ഷതയിൽ ഏന്തയാർ ഇടവകയിൽ വെച്ചും തിരുവല്ല മേഖലയിൽ പെരുമ്പെട്ടി ഇടവകയിൽ ഫാ. സേവിയർ ചെറുനെല്ലാടിയുടെ അധ്യക്ഷതയിലും നടത്തപ്പെട്ടു.

മേഖലാ സെക്രട്ടറിമാരായ ശ്രീമതി ബിൻസി മത്തായി, ശ്രീമതി മഞ്ജു എം ജെ, ശ്രീമതി ഷൈമ ജോയിച്ചൻ എന്നിവർ യഥാക്രമം കോട്ടയം, മുണ്ടക്കയം, തിരുവല്ല എന്നീ മേഖലകളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഇടവകകളിലെ ആശാകിരണം റിപ്പോർട്ടുകൾ ഇടവക സെക്രട്ടറിമാരും അവതരിപ്പിച്ചു. മുണ്ടക്കയം മേഖല മീറ്റിംഗിൽ Dr. ആൻവി ലൂയിസ് "നല്ല ജീവിത ശൈലിക്ക് നല്ല ആരോഗ്യം "എന്നതിനെക്കുറിച്ചും, "ക്യാൻസറിനു ഹോമിയോ പൊതിചികിത്സ " എന്ന വിഷയത്തെക്കുറിച്ച് കുറിച്ചി ഹോമിയോ കോളേജിലെ ഓങ്കോളജി വിഭാഗത്തിലെ ഡോക്ടർ സജിമോൻ പി വൈ കോട്ടയം മേഖലായോഗത്തിലും ക്ലാസ്സ് എടുത്തു.

വി എസ് എസ് എസ് ആശാകിരണം കോർഡിനേറ്റർ ശ്രീമതി പ്രമില ജോർജ്, പ്രോഗ്രാം ഓഫിസർ ശ്രീ സെബാസ്റ്റ്യൻ മറ്റത്തിൽ എന്നിവർ മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. സന്നദ്ധ പ്രവർത്തകർ, പി ഡി സി സെക്രട്ടറി മാർ, ആനിമേറ്റർമാർ, ഇടവകഅംഗങ്ങൾ തുടങ്ങിയവർ മീറ്റിംഗുകളിൽ പങ്കെടുത്തു.

## ആശാകിരണം രോഗീ സഹായ നിധിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ച് വി.എസ്.എസ്.എസിൽ നൽകിയ തുകയും ചികിത്സാ സഹായം നല്കിയ തുകയും

| | |
|---|---|
| ലിറ്റിൽ ഫ്ലവർ ചർച്ച് വനവാതുക്കര | - 1000 |
| സെന്റ് മേരിസ് ചർച്ച് തെള്ളകം | - 2000 |
| സെന്റ്. സെബാസ്റ്റ്യൻസ് ചർച്ച് ചാത്തൻതറ | - 1500 |
| മൗണ്ട് കാർമ്മൽ ചർച്ച് കുന്നുംഭാഗം | - 1500 |
| സെന്റ് ജോസഫ് ചർച്ച് - പൂവം | - 2500 |
| സെന്റ് ബോനിഫെസ് ചർച്ച്, പട്ടിത്താനം | - 5000 |
| സെന്റ് തോമസ് ചർച്ച് , വെച്ചൂച്ചിറ | - 6000 |
| മൗണ്ട് കാർമ്മൽ ചർച്ച്, ആണ്ടൂർ | - 1000 |
| **ചികിത്സാസഹായം നൽകിയത്** | |
| പട്ടിത്താനം | - 5000 |
| നട്ടാശ്ശേരി | - 12000 |
| ചാത്തൻതറ | - 10000 |
| മറ്റുള്ളവർക്ക് | - 500 |



# അഭിവന്ദ്യ പിതാവിന്റെ

## സെപ്റ്റംബർ മാസ പരിപാടികൾ

02 – 09 – 2025 – ദിവ്യബലി, സെന്റ് ആന്റണീസ് ചർച്ച്, നാഗമ്പടം

05 – 09 – 2025 – ബിഷപ്പ് പീറ്റർ തുരുത്തിക്കോണം അനുസ്മരണ ദിവ്യബലി, വിമലഗിരി കത്തീഡ്രൽ

07 – 09 – 2025 – ഏലപ്പാറ പള്ളി കല്ലിടീൽ

08 – 09 – 2025 – പട്ടുമല പെരുന്നാൾ കുർബാന

14 – 09 – 2025 – വിശുദ്ധ കുർബാന, മൈക്കിൾ ചർച്ച്, കാട്ടാത്തി



POC യിൽ വച്ചു നടന്ന യൂദിത്ത് നാവോമി
സെമിനാറിൽ പങ്കെടുത്ത രൂപത അംഗങ്ങൾ



# KSFE

**KSFE കോട്ടയം നാഗമ്പടം ശാഖയിൽ
ഉടൻ ആരംഭിക്കുന്ന ഹ്രസ്വകാല
മെഗാ ബിസിനസ്സ് ചിട്ടികൾ**

200000 x 30 = 60 ലക്ഷം
100000 x 40 = 40 ലക്ഷം
7,500 x 40 = 3 ലക്ഷം
5,000 x 40 = 2 ലക്ഷം
2,5000 x 40 = 1 ലക്ഷം



വേഗത്തിൽ വിളിച്ചെടുക്കാൻ സാധിക്കുന്നു
ബിസിനസ്സ് ഹൗസിംഗ് ലോൺ, OD തുടങ്ങിയവയുടെ
പലിശഭാരത്തിൽ നിന്നും ഒഴിവാക്കാനുള്ള
സുവർണ്ണാവസരം
ഇന്നുതന്നെ ബുക്ക് ചെയ്യൂ...

കോട്ടയം, നാഗമ്പടം ബ്രാഞ്ച്
ഒന്നാംനില സെന്റ് ആന്റണീസ് കോംപ്ലക്സ്
പ്രൈവറ്റ് ബസ്റ്റാന്റിനു സമീപം, നാഗമ്പടം
Ph: 0481- 2564681, 9447797116, 7593897116
116@ksfe.com. ksfe116@gmail.com




# LIGHT HOUSE

*The Shop with a heart*

Near Collectorate, K.K.Road,
Kottayam- 686002
Ph: 0481-2561167, 2301167
Email: lighthousektm@gmail.com

**വിലക്കുറവിന്റെ സന്തോഷം
വാങ്ങുമ്പോൾ മാത്രം
ഗുണമേന്മയുടെ സംതൃപ്തി
വർഷങ്ങളോളം**

**400-ൽ പരം Fancy Light കളും
100-ൽ പരം Designer Fanകളും ലഭ്യം.**



# KOTTAYAM PIPE HOUSE

*Building the Future*

XVI/181 A Maliekal Buildings
Near Railway Over Bridge
Nagampadam, Kottayam
**Ph: 9744955858, 7592016733**

Astral Pipes, Austral Bathware,
Zoloto, Oecean, Aquatech,Ellai,
laxmi pump, Lubi pump, Torm

# ZEST ENGINEERS & CONTRACTORS

Building, X1456, Panampalam,
Arpookara East P.O., Kottayam
Ph: 0481-2969226, 9447041540,
7907297516



# SANISH METALS

**Iron & Steel Traders**

**സ്റ്റീൽ ബിൽഡിംഗ്
റൂഫിംഗ് വർക്കുകൾക്ക്**

SEPTEMBER 2025
Vol. 18 • Issue 9
Published on
1st September 2025

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
भारत सरकार का उपक्रम
Union Bank of India
A Government of India Undertaking



Kodimatha Branch
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013

യൂണിയൻ ഗോൾഡ് ലോൺ

KCC സ്വർണ്ണ വായ്പ 4*% പലിശ മാത്രം

ഗ്രാമിന് പരമാവധി 4722 രൂപ വരെ

100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ

- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക്:
0481-2581213, 8369774730, 7012204575



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180